"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ഹെൽത്ത് സർവീസസ് - ജീവനക്കാര്യം - ശ്രീ. ഷാനവാസ് എച്ച്., ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 - വിജിലൻസ് ശിപാർശയുടെ അടിസ്ഥാനത്തിൽ ആരംഭിച്ച അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.1804/2026/H&FWD തീയതി,തിരുവനന്തപുരം, 26-05-2026

---

പരാമർശം:-

1. വിജിലൻസ് (സി) വകുപ്പിന്റെ 02.11.2020 തീയതിയിലെ സി2/339/2020/വിജി. നമ്പർ കത്ത്
2. സ.ഉ.(സാധാ) നം.854/2021/ആ.കു.വ. തീയതി 13/04/2021
3. 20.04.2021-ലെ സി2/42/2021/ആ.കു.വ. നമ്പർ കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
4. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 11.05.2022 തീയതിയിലെ ഇ.സി6/61944/2020/ആ.വ.ഡ. നമ്പർ കത്ത്
5. സ.ഉ.(സാധാ) നം.1751/2022/H&FWD തീയതി 21.07.2022
6. കോട്ടയം എൻക്വയറി കമ്മീഷണർ & സ്പെഷ്യൽ ജഡ്ജ് Crl. M.P.No. 1230/2024 in V.C.No.6/2020/ALP നമ്പർ കേസിൽ പുറപ്പെടുവിച്ച 07.08.2024 തീയതിയിലെ ഉത്തരവ്.
7. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 24.03.2026-ലെ C2(VC-6/2020/ALP)15443/2020/DAVCB നമ്പർ കത്ത്.

## ഉത്തരവ്

കോവിഡ്-19 വൈറസ് വ്യാപനവുമായി ബന്ധപ്പെട്ട് ആലപ്പുഴയിൽ കൃഷ്ണപുരം ചെക്ക്പോസ്റ്റിൽ ഡ്യൂട്ടിയിലുണ്ടായിരുന്ന ഉദ്യോഗസ്ഥരും റാപ്പിഡ് റെസ്ക്യൂ ടീം അംഗങ്ങളും മത്സ്യലോറി ഡ്രൈവറിൽ നിന്ന് കൈക്കൂലി വാങ്ങിയതായ ആരോപണവുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ റിപ്പോർട്ടിന്റെയും വിജിലൻസ് വകുപ്പിന്റെ ശിപാർശയുടെയും അടിസ്ഥാനത്തിൽ VACB ആലപ്പുഴ യൂണിറ്റ് രജിസ്റ്റർ ചെയ്ത വി.സി. 06/2020/എ.എൽ.പി. നമ്പർ വിജിലൻസ് കേസിലെ ഒന്നാം പ്രതിയും

കൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടറുമായ ശ്രീ. എച്ച്. ഷാനവാസിനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് പരാമർശം (3) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും നൽകി ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിരുന്നു. ആയതിനു ടിയാൻ പ്രതിവാദ പത്രികയും സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് ടിയാൻ സമർപ്പിച്ച പ്രതിവാദ പത്രികയ്ക്കുമേൽ ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ (വിജിലൻസ്) നടത്തിയ പരാമർശം (4) പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും സസ്പെൻഷൻ റിവ്യൂ കമ്മിറ്റിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, കോടതിവിധിയുടെ തീർപ്പ് അനുസരിച്ച് അച്ചടക്ക നടപടികൾ തുടരാവുന്നതാണെന്ന വ്യവസ്ഥയിന്മേൽ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ചുകൊണ്ട് സൂചന (5) പ്രകാരം ഉത്തരവാകുകയുണ്ടായി.

(3) വി.സി.06/2020/എ.എൽ.പി. നമ്പർ വിജിലൻസ് കേസിലെ ഒന്നാം പ്രതിയായ ശ്രീ. എച്ച്. ഷാനവാസിനെയും 5, 6, 7, 8 പ്രതികളെയും പ്രതിസ്ഥാനത്തിൽ നിന്ന് ഒഴിവാക്കിയും **Section 7A of PC Act, 1988 and Section 384 IPC** പ്രകാരമുള്ള വകുപ്പുകൾ ഒഴിവാക്കിയും **Section 419, 420 & 120B IPC** പ്രകാരം 2, 3, 4 പ്രതികൾക്കെതിരെ വിജിലൻസ് കോടതിയുടെ അനുമതി വാങ്ങി 30/12/2024 തീയതിയിൽ കായംകുളം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി-I മുൻപാകെ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണെന്നും ആയത് കോടതിയിൽ C.C. 60/25 നമ്പരായി വിചാരണ നടന്നു വരികയാണെന്നും പ്രതിസ്ഥാനത്തിൽ നിന്ന് ഒഴിവാക്കപ്പെട്ട ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. എച്ച്.ഷാനവാസിനെതിരെ കേസിൽ മറ്റ് നടപടികൾ ഒന്നും ശിപാർശ ചെയ്തിട്ടില്ലെന്നും മേൽ പരാമർശം (6), (7) എന്നിവയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

(4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. എച്ച്. ഷാനവാസിനെ ഒന്നാം പ്രതിയായി ഉൾപ്പെടുത്തി രജിസ്റ്റർ ചെയ്യപ്പെട്ട വി.സി. 06/2020/എ.എൽ.പി. നമ്പർ വിജിലൻസ് കേസിൽ ടിയാനെ പ്രതിസ്ഥാനത്ത് നിന്ന് ഒഴിവാക്കിയതിനാലും ടിയാനെതിരെ കേസിൽ മറ്റു നടപടികൾ ഒന്നും ശിപാർശ ചെയ്തിട്ടില്ലാത്തതിനാലും ആലപ്പുഴ ജില്ലയിലെ കൃഷ്ണപുരം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ.എച്ച്. ഷാനവാസിനെതിരെ ആരംഭിച്ച വകുപ്പുതല അച്ചടക്ക നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ശ്രീ. എച്ച്. ഷാനവാസ്, ഹെൽത്ത് ഇൻസ്പെക്ടർ, പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷ്ണപുരം, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, കൃഷ്ണപുരം, ആലപ്പുഴ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
വിജിലൻസ് (സി) വകുപ്പ് (18.04.2026 തീയതിയിലെ വിജി-സി.2/339/2020 നമ്പർ അനൗദ്യോഗികക്കുറിപ്പ് പ്രകാരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (C2/42/2021-HEALTH)

ഉത്തരവിൻ പ്രകാരം,
Signed by
Rekha Johnson
Date: 26-05-2026 12:39:28

സെക്ഷൻ ഓഫീസർ